DESPATCHED
On..25/02/2020

14/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.719(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.9106/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ. വിൻസെന്റ് ഗോമസ്,
ടി.സി 12/16 23(1),
ആർ.സി.ജംഗ്ഷൻ, കുന്നുകുഴി,
.വഞ്ചിയൂർ. പി.ഒ., തിരുവനന്തപുരം. } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 22.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.05.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 30.05.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 13.01.2020<br>സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. വിൻസെന്റ് ഗോമസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവ

ശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് യാതൊരു മറുപടിയും എതിർകക്ഷി നൽകി യിട്ടില്ലായെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യ പ്പെട്ടത്, ടിയാന്റെ മകൾ അന്ന വി.ഗോമസ് തിരുവനന്തപുരം ഹോളി ഏഞ്ചൽസ് സ്ക്കൂളിൽ നിന്നും SSLC പരീക്ഷ രജി.നം.122072 പ്രകാരം എഴുതിയിരുന്നു വെന്നും അതിൽ ഇംഗ്ലീഷ്, കണക്ക്, സോഷ്യൽ സയൻസ്, കെമിസ്ട്രി എന്നീ വിഷയങ്ങളുടെ ഉത്തരക്കടലാസിന്റെ പകർപ്പ് വിവരാവകാശ നിയമ പ്രകാരം അയച്ചു നൽകണമെന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിലെ 27.04.2015 ലെ ഇ.എ ക്സ്.എ4/25103/2015/സി.ജി.ഇ സർക്കുലർ നിബന്ധനകൾ പ്രകാരമാണ് 2015 മാർച്ചിലെ SSLC പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പ് പരീക്ഷാർത്ഥി കൾക്ക് നൽകിയിട്ടുള്ളതെന്നും മേൽപ്പടി സർക്കുലർ പ്രകാരം പരീക്ഷാർത്ഥി കൾക്ക് ഉത്തരക്കടലാസിന്റെ പകർപ്പിനായി ഓൺലൈൻ വഴി അപേക്ഷ സമർപ്പി ക്കുന്നതിന് 29.04.2015 മുതൽ 04.05.2015 വരെ സമയം അനുവദിച്ചിരുന്നുവെന്നും ഓൺലൈൻ പരീക്ഷയുടെ പ്രിന്റൗട്ടും ഒരു ഉത്തരക്കടലാസിന്റെ പകർപ്പിന് 200 രൂപ ഫീസും പരീക്ഷ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് സമർപ്പിച്ചിട്ടുള്ള പരീ ക്ഷാർത്ഥികൾക്കാണ് ഉത്തരക്കടലാസിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുള്ളതെന്നും മേൽപ്പടി സർക്കുലർ പ്രകാരം SSLC പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ച കുട്ടികളുടെ ലിസ്റ്റ് പരീക്ഷാ ഭവ നിൽ നിന്നും സംസ്ഥാനത്തെ 54 കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകളിലേയ്ക്ക് അയച്ചിരുന്നുവെന്നും ക്യമ്പ് ഓഫീസർമാർ മേൽപ്പടി ഉത്തരക്കടലാസുകൾ തെര ഞ്ഞെടുത്ത് കുട്ടികൾ പരീക്ഷ എഴുതിയ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർക്ക് അയച്ചു കൊടുത്ത് കൈപ്പറ്റുകയാണ് ചെയ്തതെന്നും 2015 മാർച്ചിൽ നാലര ലക്ഷ ത്തോളം കുട്ടികളാണ് പരീക്ഷ എഴുതിയതെന്നും ഓൺലൈൻ വഴി ഉത്തരക്കടലാ സിന്റെ പകർപ്പ് ലഭിക്കുന്നതിന് അവസരം ഉണ്ടായിട്ടും 22.04.2015 തിയതി ഹർജി ക്കാരൻ ഓൺലൈൻ വഴി അല്ലാതെയും മേൽ സർക്കുലറിൽ നിഷ്ക്കർഷിച്ചിട്ടുള്ള സമയപരിധിക്ക് മുന്നേയുമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും അത്തരത്തിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ പ്രകാരം ഉത്തരക്കടലാസിന്റെ പകർപ്പുകൾ ലഭ്യ

മാക്കുന്നത് അപ്രായോഗികമാണെന്നും ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ച അവസരത്തിൽ എ1 സെക്ഷനിൽ ജോലി ചെയ്തിരുന്ന ക്ലാർക്ക് ശ്രീ.സന്തോഷ് ആയിരുന്നുവെന്നും അക്കാലയളവിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന ശ്രീ. എം.ഐ. സുകുമാരൻ 30.06.2015 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും SSLC പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഒരു വർഷം മാത്രമെ സൂക്ഷിച്ചു വയ്ക്കാറുള്ളൂ എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് യാതൊരു മറുപടിയും എതിർകക്ഷി ഹർജിക്കാരന് നൽകിയിരുന്നില്ലായെന്നു കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ നേരിൽക്കണ്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം സമയബന്ധിതമായി ടിയാന് ലഭിക്കാത്തതിനാൽ ടിയാന് അപരിഹാര്യമായ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരനുണ്ടായ കഷ്ടനഷ്ടങ്ങൾ എന്തുകൊണ്ട് വിവരാവകാശ നിയമത്തിലെ 19(8) ബി വകുപ്പു പ്രകാരം പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും ഈടാക്കി നൽകേണ്ടതില്ല എന്നതു സംബന്ധിച്ച് പരീക്ഷാ കമ്മീഷണർ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ

യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ മേൽപ്പടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽപ്പടി വകുപ്പ് പ്രകാരമുള്ള നഷ്ട പരിഹാരം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ആയതിലേയ്ക്കായി കമ്മീഷൻ സെക്രട്ടറി ടി ഉത്തരവിന്റെ ഒരു പകർപ്പ് പരീക്ഷാ കമ്മീഷണർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് നിരസിച്ചത് ഇ.എക്സ്.എ4/25103/2015/സി.ജി.ഇ സർക്കുലർ പ്രകാരമാണെന്ന എതിർകക്ഷിയുടെ വാദം അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 8, 9 എന്നീ വകുപ്പുകളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം മാത്രമേ നിരസിക്കുവാൻ നിർവ്വാഹമുള്ളൂ. മറ്റു നിയമങ്ങളിലും സർക്കുലറുകളിലും വ്യക്തമാക്കിയിട്ടുള്ള വസ്തുതകൾ പ്രകാരം വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ നിഷേധിക്കുവാൻ നിർവ്വാഹമില്ല. കാരണം വിവരാവകാശ നിയമം നിലവിൽ വന്നതിനു ശേഷം മേൽപ്പടി നിയമം മറ്റു നിയമങ്ങളെ മറി കടക്കുന്നു. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസങ്ങൾക്കകം ടിയാന് നൽകണമെന്നും ബന്ധപ്പെട്ട ഉത്തരകടലാസുകൾ നിശ്ചിത കാലാവധിക്ക് ശേഷം നശിപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വ്യക്തമായ മറുപടി ഹർജിക്കാരന് നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

**ഒപ്പ്**

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

su